സഹകരണസംഘങ്ങളിലെ നിയമനം

171 (955)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങളിലെ നിയമനത്തിന് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതുവരെയുള്ള താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് നടപ്പാക്കാത്ത സംഭവം ഉണ്ടായിട്ടുണ്ടോ;

(സി) തിരുവനന്തപുരം ജില്ലയിലെ ആനാട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിലും കരകുളം സഹകരണ ബാങ്കിലും 1999-ൽ ഇതുവരെ നടത്തിയിട്ടുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണോ നടത്തിയത്;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ പ്രസ്തുത ബാങ്കുകളിൽ 1999-ൽ ഇതുവരെ ആരെയെല്ലാം നിയമിച്ചു;

(ഇ) ഇപ്രകാരം നിയമനം നടത്തിയതിന്റെ പേരിൽ എന്തെല്ലാം നടപടികളെടുത്തു; ഒരു നടപടിയും എടുക്കാത്തപക്ഷം അതിനുള്ള കാരണം എന്താണന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതികൾ ഉണ്ടായിട്ടുണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തിയിട്ടില്ല.

(ഡി) ആനാട് ഫാർമേഴ്സ് സഹരണ ബാങ്കിൽ ജൂനിയർ ക്ലാർക്ക് ആയി ശ്രീ. പ്രഭാകരനെയും ഡിപ്പോമാനേജരായി എസ്.ഐ. സുനിലിനെയും വാച്ചറായി വി. മധുസൂധനൻനായരെയും 1999-ൽ നിയമിച്ചു. കരകുളം സർവീസ് സഹകരണ ബാങ്കിൽ ശിപായി ആയി ശ്രീ. കെ. ജയരാമിനേയും ശ്രീമതി ബി. ജയകുമാരിയെയും ബിജുകുമാറിനെയും സെയിൽസ്മാനായി സുജകുമാരി, ബിന്ദുമോൾ, സുരേഷ്കുമാർ എന്നിവരെയും ടൈപ്പിസ്റ്റായി ജി.-സുരേഷ് കുമാറിനെയും നിയമിച്ചു.

(ഇ) പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല അന്വേഷണം നടന്നുവരുന്നു.

കോ-ഓപ്പറേറ്റീവ് ബാങ്കിലെ സാമ്പത്തിക ക്രമക്കേട്

172 (956)ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നമ്പർ 63-ൽ സാമ്പത്തിക ക്രമക്കേട് നടത്തിയത് സംബന്ധിച്ച നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly